## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 466 09.02.2016-ൽ മറുപടിയ്ക്ക്**

## കൂടംകുളത്തു നിന്നുള്ള വൈദ്യുതി വിഹിതം.

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കൂടംകുളം ആണവ നിലയത്തിൽ നിന്നും ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതം എത്രയാണ് ; | (എ) | 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിത ശേഷിയുള്ള കൂടംകുളം നിലയത്തിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3%). ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽ നിന്നും 133 MW ലഭിച്ചു വരുന്നു. |
| (ബി) | ഈ വൈദ്യുതി എത്തിക്കുന്നതിനായി 400 K.V യുടെ ലൈൻ വലിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് ; ഇതിനായി പ്രത്യേക ലൈൻ വലിക്കുന്നതിനു പകരം നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിച്ച്, വൈദ്യുതി എത്തിക്കുന്നതടക്കമുള്ള സമാന്തര മാർഗ്ഗങ്ങളെപ്പറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി തിരുനെൽവേലി മുതൽ മാടക്കത്തറ വരെ 400 കെ.വി ലൈൻ നിർമ്മിക്കുവാനും പള്ളിക്കരയിൽ ഒരു 400 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ആണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ഭാഗം ഒഴിച്ച് ബാക്കി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഇടമൺ - കൊച്ചി ഭാഗത്ത് കർഷകരുടെ എതിർപ്പുമൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ടി ലൈൻ കടന്നുപോകുന്ന ഭാഗത്തെ ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുകയും, അതുപ്രകാരം പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടംകുളത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി സാങ്കേതികമായും, പ്രായോഗികമായും സാധൂകരിക്കാവുന്ന മറ്റ് പ്രൊപ്പോസലുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കടുത്ത വൈദ്യുതി കമ്മി നേരിടുന്ന സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | 400 കെ.വി മൈസൂർ-അരീക്കോട് ലൈൻ 14.10.2015 ൽ കമ്മീഷൻ ചെയ്തു. ഇതിനു പുറമെ, മാടക്കത്തറ-അരീക്കോട്-മൈലാട്ടി 400 കെ.വി ലൈനും, പുഗലൂർ (തമിഴ് നാട്) – മാടക്കത്തറ HVDC ലൈനും വേഗത്തിൽ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടംകുളത്തു നിന്ന് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായ 400 കെ.വി ഇടമൺ-കൊച്ചി ലൈൻ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ, കേരളത്തിനുള്ളിലെ 220 കെ.വി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ.**